# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P7/341/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P7/341/2023 തീയ്യതി: 27/03/2023

## കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2023 | 09-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2023 | 09-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി.പ്രസീതകുമാരി.എം,ഓഡിറ്റ് ഓഫീസർ
ശ്രീ.ജയകുമാർ പാലോളി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ.പി, ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. നയീമ കുളമുള്ളതിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഷാനവാസ്. ഇ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനീഷ് കുമാർ. ടി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. റജിൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. മഞ്ജുഷ. ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രിയ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. അനുസ്മിത സോമരാജ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സഹറ.വി.വി | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ. മഹേഷ്.കെ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ. നിതിൻ വൈശാഖ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ഫൽഗുനൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. സാജിദ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ലിനൂപ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. നീതു കുര്യാക്കോസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. അനിൽ കുമാർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം ( ACR) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല. | 1-6 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 9 | ക്ഷേമ പദ്ധതികൾ | 1-8 |
| 10 | സഞ്ചയ സോഫ്റ്റ് വെയറിൽ റദ്ദാക്കിയ രസീതുകൾ പ്രകാരം തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തുന്നു. | 1-9 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല | 1-10 |
| 12 | സ്ഥിരനിക്ഷേപം കൃത്യസമയത്ത് പുതുക്കാത്തതിനാൽ പലിശ വരവ് നഷ്ടപ്പെട്ടു | 1-11 |
| 13 | തൊഴിൽ നികുതി-അപാകതകൾ | 1-12 |
| 14 | ലൈസൻസ് ഡിമാന്റ് പൂർണ്ണമല്ല | 1-13 |
| 15 | മണിമല അമ്യൂസ്മെന്റ് പാർക്ക്- അനധികൃത നിർമ്മാണം നടക്കുന്നു | 1-14 |
| 16 | അനർഹരായവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല | 1-15 |
| 17 | ഇലക്ഷൻ ഡെപ്പോസിറ്റ് ക്രമീകരിച്ചിട്ടില്ല. | 1-16 |
| 18 | എം.സി.എഫ് കേന്ദ്രത്തിലേക്ക് വാഹനം വാങ്ങൽ - അപാകതകൾ | 1-17 |
| 19 | അംഗൻവാടികൾക്ക് ഫർണിച്ചർ - പ്രൈസ് ലിസ്റ്റ് പരിഗണിക്കാതെ കൂടുതൽ വില നൽകി | 1-18 |
| 20 | വിവിധ ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തു-വിനിയോഗ വിവരം ലഭ്യമല്ല. | 1-19 |
| 21 | കുടിവെള്ള വിതരണം ചെലവ് രേഖകൾ ലഭ്യമല്ല. | 1-20 |
| 22 | എം.സി.എഫിന് കുഴൽകിണർ നിർമ്മിക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-21 |
| 23 | മോട്ടോർ വാങ്ങൽ - ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ റെയിഡ്കോയ്ക്ക് അധികനിരക്ക് നൽകി | 1-22 |
| 24 | വെറ്ററിനറി ഡിസ്പെൻസറി ജീവനക്കാരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവത്താൽ വീർപ്പുമുട്ടുന്നു. | 1-23 |

| | | |
|---|---|---|
| 25 | വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ പദ്ധതികൾ നടപ്പാക്കി | 1-24 |
| 26 | പ്രവർത്തനരഹിതമായ സ്ട്രീറ്റ് ടാപ്പുകൾക്ക് വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നു | 1-25 |
| 27 | ഹരിതകർമ്മസേന പ്രവർത്തനം | 1-26 |
| 28 | അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി ഈടാക്കിയില്ല. | 1-27 |
| 29 | കുടിവെള്ള പദ്ധതികൾ -സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-28 |
| 30 | എംബുക്കുകളുടെ സ്റ്റോക്ക് വിവരങ്ങൾ സൂക്ഷിക്കുന്നില്ല | 1-29 |
| 31 | മെയിന്റനെൻസ് ഗ്രാന്റ് റോഡ് ഫണ്ട് ഉപയോഗിച്ച് പുതിയ റോഡുകളുടെ നിർമ്മാണം നടത്തുന്നു. | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അംഗൻവാടികൾക്ക് ഫർണിച്ചർ - പ്രൈസ് ലിസ്റ്റ് പരിഗണിക്കാതെ കൂടുതൽ വില നൽകി | 3-1 |
| 2 | എം.സി.എഫ് കേന്ദ്രത്തിലേക്ക് വാഹനം വാങ്ങൽ - അപാകതകൾ | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.2.2021 തിയ്യതിയിലെ 2/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2021-22 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18729663 |
| വരവ് | 271127500 |
| ആകെ | 289857163 |
| ചെലവ് | 287940816 |
| നീക്കിയിരിപ്പ് | 1916347 |

തൻവർഷത്തെ ബജറ്റ് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ബജറ്റ് വ്യതിയാനങ്ങൾ സംബന്ധിച്ച്

ബജറ്റ് പ്രൊവിഷൻ അധികരിച്ച ചെലവ് ചെയ്തത് പോലെ വളരെ കുറഞ്ഞ വരവ്/ചെലവുകളും ഉണ്ടായിട്ടുണ്ട്. കൃത്യതയില്ലായ്മ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 110 | 4670900 | 4747611 | 4247636 |
| 2 | 170 | 180000 | 307000 | 195090 |
| 4 | 180 | 70000 | 63000 | 1026 |
| 5 | 220 | 4450000 | 1227214 | 1354131 |
| 6 | 251 | 150818816 | 104918983 | 119096105 |
| 7 | 255 | 19200000 | 24400859 | 12711529 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ഡിസംബർ അവസാന വാരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യവാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

22.1.2021ന് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും 2021-22 വർഷത്തേയ്ക്കുള്ള പ്രൊപ്പോസൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നൽകിയ പ്രൊപ്പോസൽ മാത്രമാണ് ബജറ്റ് ഫയലിൽ ലഭ്യമാക്കിയത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊപ്പോസലുകളൊന്നും ബജറ്റ് ഫയലിൽ ലഭ്യമല്ല.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്ക പ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 14.05.2022 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1.വാർഷിക കണക്ക് ബി-14പ്രകാരം Closing Stock-stores ഇനത്തിൽ 43950 /- നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

2. എ.ഇ. നിർവ്വഹണം ചെയ്ത E-Tender നടത്തിയ പ്രോജക്ടുകളിലെ ടെണ്ടർ ഫീസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

3. അക്കൗണ്ട്സിലെ ബാലൻസ് ഷീറ്റ് ബി7 പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 6,35,980/-രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

5. അക്കൗണ്ട്സിലെ ബാലൻസ് ഷീറ്റ് ബി4 പ്രകാരം നീക്കിയിരിപ്പുള്ള തുക പരിശോധിക്കുന്നതിനാവശ്യമായ എ.സി.ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്ക് Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| KGB Own Fund(9718) | 22100282 | 016507/16.7.21 | 417 |
| | 22100283 | 016508/16.7.21 | 1350 |
| | 22100099 | 016316/7.5.21 | 650 |

7.അക്കൗണ്ട്സിലെ ബാലൻസ് ഷീറ്റ് ബി 17 ഹെഡ് 450220102പ്രകാരം പോസ്റ്റ് ഓഫീസ് അക്കൗണ്ടിൽ 646412 രൂപ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്.എന്നാൽ ഇത് പരിശോധിക്കുന്നതിന് ആവശ്യമായ റീക്കൺസീലിയേഷൻ പത്രിക ഹാജരാക്കിയിട്ടില്ല.

8. സ്പെഷൽ ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പ് തുകയിൽ 38034 രൂപ Epoc Clearance Bill തുക ഇനത്തിൽ വരവ് വന്ന തുകയാണ് . ഇത് പ്രസ്തുത അക്കൗണ്ടിൽ 28.1.22 ന് വരവ് വന്ന 4000/- രൂപയും(EPOC Clearance Bill 12450 1.3.20 ), 13866/-രൂപയും (EPOC Clearance Bill 12436 1.1.20 ) 2.9.21 ന് വരവ് വന്ന 12620/-,6800/-, 10.8.21 ന് വരവ് വന്ന 748/- രൂപയും കൂടിയുള്ള ആകെത്തുകയാണ് എന്ന് കാണുന്നു. മേൽ തുക ഏതിനത്തിൽ ലഭ്യമായ തുകയാണെന്ന് വ്യക്തമല്ല.വിശദാംശം ലഭ്യമാക്കേണ്ടതാണ്.

9.SMGB OAP(7588), SMGB SGRY (8351) എന്നീ അക്കൗണ്ടുകളിൽ Transaction ഇല്ല. എന്നാൽ ഈ അക്കൗണ്ടുകളിൽ നിന്നും ബാങ്ക് ചാർജ് ഈടാക്കിയതായി കാണുന്നു. അക്കൗണ്ടിൽ Transaction ഇല്ലാത്ത സാഹചര്യത്തിൽ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. ബാലൻസ് ഷീറ്റ് ബി 5പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ 24,484,000/- രൂപ

തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

11. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-12 പ്രകാരം 2830882/- രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. RP-8 പ്രകാരം Income From Investments ൽ മുഴുവൻ ഫിക്സഡ് ഡെപ്പോസിറ്റുകളുടെയും വരവ് രേഖപ്പെടുത്തിയിട്ടില്ല.

12.SMGB Plan (9259) അക്കൗണ്ടിൽ യഥാക്രമം 8,10,007 രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത അക്കൗണ്ടിൽ 2017 മുതൽ പലിശ വരവും ബാങ്ക് ചാർജ് ഇനത്തിൽ ചെലവും മാത്രമാണ് ഉണ്ടായിട്ടുള്ളത്. പ്രസ്തുത തുക ഏതിനത്തിൽ ലഭ്യമായതെന്ന് വ്യക്തമല്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

13. വാർഷിക കണക്ക് ബി-4 പ്രകാരം സംയുക്തപദ്ധതികൾക്ക് ലഭിച്ച തുക ഇനത്തിൽ 899796/- രൂപ അവശേഷിക്കുന്നതായി കാണുന്നു. എന്നാൽ ഇത് ഏതിനത്തിൽ ലഭ്യമായതാണ് എന്നത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയിട്ടില്ല.

14.എ.സി.ആർ, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

15.വികസന ഫണ്ട് CFC Tied ഇനത്തിലെ നീക്കിയിരിപ്പ് 3024347 രൂപയാണ് എന്നാൽ ഈ തുക എ.സി.ആർ ലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17192733 |
| ഓഡിറ്റ് വർഷത്തെ വരവ് | 86486213 |
| ആകെ | 103678946 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 77142579 |
| നീക്കിയിരിപ്പ് | 26536367 |

## 1-4 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 13566691 | 13566691 | 13024053 | 542638 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 2366591 | 2366591 | 2365833 | 758 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6050028 | 6050028 | 3548307 | 2501721 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 20002477 | 20002477 | 18102000 | 1900477 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Bank | 0 | 4190056 | 3255000 | 3046680 | 208320 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Treasury | 0 | | 935056 | 350325 | 584731 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് (Tied Grant) Bank | 0 | 7496130 | 4882000 | 1722466 | 3159534 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് (Tied Grant) Treasury | | | 2614130 | 1124804 | 1489326 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 204 | 128748867 | 169 | 61125552 | 10 | 25 | 83% |

വകയിരുത്തിയതിന്റെയും നടപ്പിലാക്കിയതിന്റെയും വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 7 | 7 | 3793558 | 3037110 | 80% |
| വെറ്ററിനറി സർജൻ | 4 | 4 | 1496400 | 1496400 | 100% |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 7 | 7 | 1400000 | 1349597 | 96% |
| മെഡിക്കൽ ഓഫീസർ) (ആയുർവ്വേദം) | 1 | 1 | 400000 | 400000 | 100% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 108 | 81 | 41758156 | 24594432 | 59% |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ I | 10 | 9 | 47705893 | 9577511 | 21% |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ II | 3 | 3 | 1045000 | 480460 | 46% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 8207722 | 8096421 | 98% |
| സെക്രട്ടറി | 44 | 37 | 17395566 | 8280770 | 48% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 2929402 | 1483840 | 51%% |
| അസി.സെക്രട്ടറി | 3 | 3 | 1300070 | 1299441 | 99.95% |
| ഹെഡ്മാസ്റ്റർ | 4 | 4 | 933100 | 929660 | 99.63% |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 384000 | 99910 | 26% |
| ആകെ | 204 | 169 | 128748867 | 61125552 | 47.48% |

## 1-6 ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിൽ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

03-8-2020ലെ 16/20 നം. ഓഫീസ് ഉത്തരവ് പ്രകാരം പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്വങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. 2021-22ൽ 9 തവണ മാത്രമേ സ്റ്റാഫ് മീറ്റിംഗ് വിളിച്ച് കൂട്ടിയിട്ടുള്ളൂ. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട് . വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ അബ്സ്ട്രാക്ട് കൃത്യമായി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് , സ്ട്രീറ്റ് ടാപ്പ് എന്നിവയുടെ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം വാങ്ങിയ എല്ലാ സാധനങ്ങളും സ്റ്റോക്കിലെടുക്കുന്നത് പൊതുവായ സ്റ്റോക്ക് രജിസ്റ്ററുകളിലാണ്. കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സോഫ്റ്റ് വെയറുകൾ എന്നിവ വാങ്ങുമ്പോഴും ഇപ്രകാരം തന്നെയാണ് സ്റ്റോക്ക് രേഖപ്പെടുത്തുന്നത്. 24-9-2010 ലെ 86/2010/ഫിൻ സർക്കുലർ പ്രകാരം ധനവകുപ്പ് നിർദ്ദേശിച്ച രീതിയിൽ കമ്പ്യൂട്ടറുകളുടെ സോഫ്റ്റ് വെയർ,ഹാർഡ് വെയർ എന്നിവ പ്രത്യേകം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ

പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.03.2023 ന് 10.00 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,801/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 10676000 | 692 |
| വിധവാ പെൻഷൻ | 17247100 | 1087 |
| വാർദ്ധക്യകാല പെൻഷൻ | 28936500 | 1881 |
| വികലാംഗ പെൻഷൻ | 5540000 | 361 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 313600 | 21 |
| വിവാഹ ധനസഹായം | 240000 | 8 |

## 1-9 സഞ്ചയ സോഫ്റ്റ് വെയറിൽ റദ്ദാക്കിയ രസീതുകൾ പ്രകാരം തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തുന്നു.

സാംഖ്യ രസീതുകൾ പ്രകാരം വസ്തുനികുതി അടവാക്കിയത് സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് പരിശോധിച്ചതിൽ, താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ പ്രകാരം തുക പിരിച്ചെടുത്തതായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് / വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നമ്പർ/ തീയതി | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 14/354 A | ബാബു,കുഞ്ഞിക്കണ്ടി, പൂളക്കൂൽ- 673507 | 121010100609/ 14/07/2021 | 2021 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 156/- |
| 2 | 8/232 | ജാനഅമ്മ, തടത്തികണ്ടി | 121010102278/ 26/11/2021 | 2021 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ | 160/- |
| ആകെ | | | | | 316/- |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 8/2021-22 തീയതി 08/03/2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തത് ഗുരുതരമായ പിഴവ് ആണ്. ഇത് കാരണം യഥാർത്ഥത്തിൽ അടവാക്കാത്ത വസ്തു നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തപ്പെടും. മേൽ പ്രകാരമുള്ള ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-10 ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

അക്കൗണ്ട്സിലെ ബാലൻസ് ഷീറ്റ് ബി 7 പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 6,35,980/-രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച വിശദ വിവരങ്ങൾ മുൻവർഷത്തെ ബാലൻസ് തുക, തൻവർഷം ലഭിച്ച തുക, തൻവർഷത്തെ ബാലൻസ് തുക എന്നിവ പരിശോധിക്കുന്നതിനാവശ്യമായ ഡെപ്പോസിറ്റ് രജിസ്റ്റർ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നില്ല. രജിസിറ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-11 സ്ഥിരനിക്ഷേപം കൃത്യസമയത്ത് പുതുക്കാത്തതിനാൽ പലിശ വരവ് നഷ്ടപ്പെട്ടു

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-12 പ്രകാരം 2830882/- രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ കെ.ഡി.സി ബാങ്ക്, കുറ്റ്യാടിയിലെ 2221594 രൂപയുടെ സ്ഥിരനിക്ഷേപം 31.12.20 മുതൽ 31.12.21 വരെയുള്ള കാലയളവിലേക്ക് 6.75 % നിരക്കിൽ ലഭിച്ച പലിശ 149958 രൂപ KDC EMS 5330 എന്ന അക്കൗണ്ടിൽ 31.12.21 ന് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 31.12.21 ന് ശേഷം ബാക്കിയുള്ള 2221594 രൂപ ഇതുവരെ പുതുക്കിയിട്ടില്ല.

2221594 രൂപയ്ക്ക് 31.12.21 മുതൽ 31.12.22 വരെ 6.75 % നിരക്കായിരുന്നെങ്കിൽ ലഭിക്കേണ്ട പലിശ 149958 രൂപയും 31.12.22 മുതൽ നാളിതുവരെ 2371552 ( 2221594 + 149958 = 2371552) രൂപയ്ക്ക് ലഭിക്കുമായിരുന്ന പലിശയും നഷ്ടപ്പെട്ടിട്ടുണ്ട്.

വേളം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ 564156 രൂപയുടെ സ്ഥിരനിക്ഷേപം 13.1.21 മുതൽ 7.11.21 വരെയുള്ള കാലയളവിലേക്ക് 8% നിരക്കിൽ പുതുക്കിയിട്ടുണ്ട് . ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ 7.3.23 ലെ സ്റ്റേറ്റ്മെന്റ് പ്രകാരം 26.3.22 ന് 45132 രൂപ പലിശ

ഉൾപ്പെടെ ആകെ 609288 രൂപയുടെ നിക്ഷേപം പുതുക്കിയതായി കാണുന്നുണ്ടെങ്കിലും പലിശ നിരക്ക് വ്യക്തമല്ല. പ്രസ്തുത വിവരം സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 7.11.21 ന് തുക പുതുക്കാത്തതിനാൽ 7.11.21 മുതൽ 26.3.22 വരെയുള്ള കാലയളവിൽ .പലിശ ഇനത്തിൽ ലഭിക്കേണ്ട തുക നഷ്ടപ്പെട്ടിട്ടുണ്ട്.

7.11.21 ന് തുക പുതുക്കിയിരുന്നെങ്കിൽ 609288 X8%/12=4061 രൂപ പ്രതിമാസം പലിശ ഇനത്തിൽ ലഭിക്കുമായിരുന്നു. 7.11.21 മുതൽ 26.3.22 വരെ എകദേശം 4.5 മാസത്തെ പലിശ നഷ്ടപ്പെട്ടിട്ടുണ്ട്. യഥാസമയം സ്ഥിരനിക്ഷേപം പുതുക്കാതെ ഈ ഇനത്തിൽ വരവ് തുക നഷ്ടപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥിരനിക്ഷേപം പുതുക്കാത്ത കാലയളവിൽ പലിശ ഇനത്തിൽ ലഭിക്കേണ്ട തുക നഷ്ടമാക്കിയതിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ട തുക കണക്കാക്കി ഈടാക്കി അറിയിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, അർദ്ധ വാർഷിക റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച മുഴവൻ സ്ഥാപനങ്ങളിൽ/സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് അപേക്ഷ രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 3 | മൈത്രി സൂപ്പർമാർക്കറ്റ് |
| 2 | 4 | ആൻമയ സ്റ്റോർ |
| 3 | 6 | NR ഗേറ്റ് |
| 4 | 7 | Best Buy Hypermarket<br>(സ്ഥാപന നികുതി അടവാക്കിയിട്ടുണ്ട്) |
| 5 | 52 | സ്റ്റേഷനറി |

ഓഡിറ്റ് എൻക്വയറി 1/2021-22 /തിയ്യതി 3.3.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, മെറ്റീരിയൽസ് സപ്ലൈ ചെയ്ത സപ്ലയേഴ്സ്/കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളുൾപ്പെടെ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

1-13 ലൈസൻസ് ഡിമാന്റ് പൂർണ്ണമല്ല

സംരംഭക ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2021-22 ൽ 328 പേരാണ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ലൈസൻസിനായി ഫീസ് അടവാക്കിയിട്ടുള്ളത്. ആകെ അനുവദിച്ച ഡി & ഒ ലൈസൻസുകൾ 451 കെട്ടിടങ്ങളിലായാണ് പ്രവർത്തിക്കുന്നത്. ലൈസൻസ് അപേക്ഷ രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാത്തതായും പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായും രേഖപ്പെടുത്തി കാണുന്നു. അവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം.(ലൈസൻസ് അപേക്ഷ രജിസ്റ്റർ പ്രകാരം) | സ്ഥാപന ഉടമ /സ്ഥാപനം |
|---|---|
| 34 | സത്താർ, യു.എ.ഇ ബേക്കറി, പൂളക്കൽ |
| 150 | സുനിൽകുമാർ.വി.പി, പലചരക്ക് കട |
| 197 | ഷംസുദ്ദീൻ.കെ.വി, ന്യൂജെൻ ഫൂട്ട് വെയർ, പള്ളിയത്ത് |
| 212 | മൊയ്തു, മിഠായിക്കട |
| 5(226 | അഭിലാഷ്.ടി.പി, പവർലൈഫ് മിനി സറ്റോർ |
| 234 | രാജീവൻ.എ.കെ, എ.കെ.ബേക്കറി, പൂമുഖം |
| 301) | അബ്ദുള്ള.പി.കെ, നോബിൾ ഫർണ്ണിച്ചർ |
| 310 | സുജിത്ത്, Acumen Builders ,പൂമുഖം |
| 324 | ഇസ്മയിൽ, ബേക്കറി |

എന്നാൽ മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്.

വാർഡ് അടിസ്ഥാനത്തിൽ പരിശോധന നടത്തി ലൈസൻസ് ഡിമാന്റ് പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-14 മണിമല അമ്യൂസ്മെന്റ് പാർക്ക്- അനധികൃത നിർമ്മാണം നടക്കുന്നു

ശ്രീ.നിസാർ, ശ്രീമതി.നഫീസ എന്നിവർ വേളം ഗ്രാമപഞ്ചായത്തിൽ വേളം വില്ലേജ് റീ സർവെ നമ്പർ 36/9,36/10ൽപ്പെട്ട 397.82 ആർ സ്ഥലത്ത് കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്നതിനായ് (ഗ്രൂപ്പ് ഡി ഒക്യുപ്പൻസി) അപേക്ഷിച്ചിട്ടുണ്ട് (പെർമിറ്റ് അപേക്ഷ നമ്പർ 12/12/2018). ലാൻഡ് ഡെവലപ്പമെന്റ്, കെട്ടിട നിർമ്മാണ പെർമിറ്റ് എന്നിവ ലഭ്യമാകുന്നതിന് ഒരേ അപേക്ഷയിലാണ് പ്ലാൻ സമർപ്പിച്ചത്. ആയത് രണ്ട് അപേക്ഷകളിലായി കെ.പി.ബി.ആർ ചട്ടങ്ങൾ പാലിച്ച് കൊണ്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ട് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം ലാൻഡ് ഡെവലപ്പ്മെന്റിനുള്ള കോണ്ടൂർ പ്ലാൻ, അപേക്ഷയോടൊപ്പം വീണ്ടും സമർപ്പിക്കുകയുണ്ടായി (പെർമിറ്റ് അപേക്ഷ നമ്പർ എ3/6524/2018 13/07/2019). എന്നാൽ കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷിച്ചിരുന്നില്ല. ലാൻഡ് ഡെവലപ്പ്മെന്റിനുള്ള അപേക്ഷയിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റ് പരിശോധന നടത്തി ന്യൂനതകൾ ചൂണ്ടിക്കാട്ടി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം അപേക്ഷ പരിഗണിക്കേണ്ടതിലേക്ക് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട്

സെക്രട്ടറി 6/08/2019ന് (എ3 6524/2018 നമ്പർ കത്ത്) ശ്രീ.നിസാർ, ശ്രീമതി.നഫീസ എന്നിവർക്ക് കത്ത് നൽകി. അപ്രകാരം മലിനീകരണ ബോർഡിന്റെ അനുമതി(ഫയൽ നമ്പർ PCB/KKD /DO/100101/2019 തീയതി 06/01/2020 വാലിഡ് UPTO 05/01/2025), അഗ്നി സുരക്ഷ ബോർഡിന്റെ അനുമതി (No. D 8893/2019 തീയതി.02/11/2019) എന്നിവ ഹാജരാക്കി ലാൻഡ് ഡെവലെപ്പ്മെന്റിനുള്ള പെർമിറ്റ് പഞ്ചായത്ത് നൽകിയിട്ടുണ്ട് (നം. എ3/6524/2019 തീയതി. 03/09/2021 Valid Upto 02/09/2026).

ഈ ഫയലുമായി ബന്ധപ്പെട്ട് 07.03.2023 തീയതിയിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

ശ്രീ.നിസാർ, ശ്രീമതി.നഫീസ എന്നിവർ ലാൻഡ് ഡെവലെപ്പ്മെന്റിനുള്ള പെർമിറ്റിനു മാത്രമാണ് അപേക്ഷിച്ചിട്ടുള്ളത്. എന്നാൽ സ്ഥല പരിശോധനാ വേളയിൽ ലാൻഡ് ഡെവലെപ്പ്മെന്റിനു പുറമെ പാർക്കിൽ അനധികൃതമായി കെട്ടിടം നിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. നിലവിൽ 175 ചതുരശ്ര മീറ്ററോളം വിസ്തൃതിയിൽ വരുന്ന ഒരു കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റൊരു കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടു. നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന കെട്ടിടത്തിന് ബേസ്മെന്റ്, ഗ്രൌണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 500 ചതുരശ്ര മീറ്ററാണ് നിലവിൽ ഈ കെട്ടിടത്തിന്റെ വിസ്തൃതി.

ഫീൽഡ് തല പരിശോധനയിലൂടെ പഞ്ചായത്ത് പരിധിയിൽ നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യാത്തത് വാർഡ് ക്ലാർക്കുമാരുടെ കൃത്യനിർവ്വഹണത്തിലെ വീഴ്ചയാണ് കാണിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം 20,21 അനുശാസിക്കും പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. അധികാരികൾ സ്ഥലപരിശോധന നടത്തി മേൽ നിർമ്മിതികൾ ബിൽഡിംഗ് റൂൾ പ്രകാരം അനുവദനീയമാണോയെന്ന് പരിശോധിക്കേണ്ടതും അതത് വാർഡിലെ അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-15 അനർഹരായവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു. പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരമനുസരിച്ച് 4042 പേർക്ക് വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകൾ നൽകുന്നതിൽ 1376 പേർക്ക് ബാങ്ക് അക്കൗണ്ട് വഴിയും 2666 പേർക്ക് വീടുകളിലെത്തി നേരിട്ടുമാണ് പെൻഷൻ വിതരണം ചെയ്യുന്നത്. വീടുകളിലെത്തി നേരിട്ട് നൽകപ്പെടുന്നവരുടെ പെൻഷൻ മാത്രമാണ് സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടുന്നത്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട മരണപ്പെട്ടവരുടേയും, റദ്ദ് ചെയ്യാൻ അപേക്ഷ തന്നവരുടെ പോലും പെൻഷൻ റദ്ദ് ചെയ്യപ്പെടാതെ മാസങ്ങളോളം അക്കൗണ്ടിൽ പണം നിക്ഷേപിക്കപ്പെടുന്നു. പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, പുനർ വിവാഹം നടത്തിയവരുടെയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അതിനാൽ അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര്/പെൻഷണേഴ്സ് ഐ.ഡി | പെൻഷൻ | മരണപ്പെട്ട തീയതി | അധികമായി നൽകിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | കെ.കെ. കുഞ്ഞിക്കേളു/ 2220199483 | കർഷക തൊഴിലാളി പെൻഷൻ | 12/08/2022 | 4,500/- രൂപ (3 മാസം) |
| 2. | രാഘവൻ കുറ്റിപ്പുറത്ത് / 110100200326 | വാർദ്ധക്യകാല പെൻഷൻ | 17/05/2019 | 25,600/- (20 മാസം) |
| 3. | കല്ല്യാണി/ 110100500010 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 15/12/2019 | 56,600/- (36 മാസം) |

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും, പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അംഗൻവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി ശേഖരിച്ച്, മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും, തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ മുകളിൽ കാണിച്ച ഏതാനും ഉദാഹരണങ്ങൾ ഉൾപ്പെടെ പഞ്ചായത്തിലെ മരണ രജിസ്റ്ററിൽ ചേർക്കപ്പെട്ടവരുടെ പോലും പെൻഷൻ റദ്ദ് ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതും പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന അനർഹരായവരെ കണ്ടെത്തി നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്. അധികമായി നൽകിയ പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കുന്നതാണ്. മരണപ്പെട്ടവരെയും അനർഹരായവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് 02.08.2021 ലെ 63/2021/ധന നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടാത്തതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെടുകയും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തുടർന്ന് ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ് 08/03/2023ന് പുറപ്പെടുവിച്ച സർക്കുലാർ നമ്പർ 23/2023/ധന. പ്രകാരം 2022 ഡിസംബർ മാസം സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കപ്പെട്ടവരിൽ പ്രാദേശിക സർക്കാരിലെ രേഖകൾ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെട്ട ആരും തന്നെ പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാക്കികൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും 25.03.2023നകം സർക്കാരിൽ ലഭ്യമാക്കേണ്ടതും സേവന പോർട്ടൽ അപ്-ലോഡ് ചെയ്യേണ്ടതുമാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കൈക്കൊണ്ട നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ഇലക്ഷൻ ഡെപ്പോസിറ്റ് ക്രമീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 18500/- രൂപ അവശേഷിക്കുന്നുണ്ട്. മേൽ തുക 2020 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച്

സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ – 153 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽകൂട്ടിയതായി കാണുന്നില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. നാളിതുവരെ ഈ ഇനത്തിലുള്ള തുക മുതൽ കൂട്ടാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 എം.സി.എഫ് കേന്ദ്രത്തിലേക്ക് വാഹനം വാങ്ങൽ - അപാകതകൾ

2021-22 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എം.സി.എഫ് കേന്ദ്രം വാഹനം വാങ്ങൽ(162/22) എന്ന പ്രോജക്ട് പ്രകാരം മഹീന്ദ്ര ആന്റ് മഹീന്ദ്ര ലിമിറ്റഡിന്റെ LMV GOODS CARRIER വാങ്ങിയതിന് താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ചെലവിനം | ബിൽ നം/തുക |
|---|---|---|
| 1 | വാഹനം | 636952/<br>18/22-1-21 |
| 2 | ബോഡി വർക്ക് ചെയ്തയിനത്തിൽ ചെലവ് | 98900<br>37/28-2-22 |
| 3 | രജിസ്ട്രേഷൻ ഫീസ് | 16855<br>30/17-1-22 |
| 4 | ഇൻഷ്വർ തുക | 12928<br>29/30-12-21 |
| | ആകെ | 765635 |

പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടു.

1. 28-12-22 മുതൽ വാഹനത്തിന്റെ ഇൻഷ്വർ പുതുക്കിയിട്ടില്ല.

2. ഫയൽ പ്രകാരം രജിസ്ട്രേഷൻ ഫീസിനത്തിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന് ആകെ അടച്ച തുകയ്ക്ക് നൽകിയ രസീതി (KL22010775776331/7-1-22) പ്രകാരം ചെലവ് 15600 രൂപയാണ്. എന്നാൽ ഈയിനത്തിൽ 16855 രൂപ പാസ്സാക്കി ചെലവഴിച്ചിട്ടുണ്ട്.

3. വാഹനം ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (15/21-22 തി. 8.3.2023) മറുപടി നൽകിയിട്ടില്ല. ഇൻഷ്വറൻസ് പുതുക്കാതെ വാഹനം റോഡിലിറക്കുന്നത് ഗുരുതരമായ തെറ്റായി ഓഡിറ്റ് വിലയിരുത്തുന്നു. ഇൻഷ്വറൻസ് എത്രയും പെട്ടെന്ന് പുതുക്കി അറിയിക്കേണ്ടതാണ്. വാഹനം ഗ്രാമ പഞ്ചായത്തിന്റെ മൂവബിൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസിനത്തിൽ അധികമായി ചെലവഴിച്ച 1255രൂപ (16855-15600) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 അംഗൻവാടികൾക്ക് ഫർണിച്ചർ - പ്രൈസ് ലിസ്റ്റ് പരിഗണിക്കാതെ കൂടുതൽ വില നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 214/22 (അംഗൻവാടികൾക്ക് ഫർണിച്ചർ) |
| പദ്ധതി അടങ്കൽ | 250000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ |

| | |
|---|---|
| | റോഡ്) |
| ചെലവ് | 250000/- രൂപ |
| ബിൽ സാങ്ഷൻ നമ്പർ/ പേര് | 238/28.2.2022 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ 27 അംഗൻവാടികളിലേക്ക് ഭക്ഷ്യധാന്യങ്ങൾ സൂക്ഷിച്ച് വെക്കുന്നതിന് സ്റ്റാന്റോടു കൂടിയ (90x60x60cm) കണ്ടെയിനർ വാങ്ങി നൽകുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയത്. 3.3.2021 ലെ ജി.ഒ.(ആർ.ടി.)നം. 10/2021/SPD ഉത്തരവു പ്രകാരം മേൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കണ്ടെയിനറിന്റെ സർക്കാർ അംഗീകൃത വില 4627/- രൂപയാണ്. 24.11.2021 ന് സിഡ്കോ സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 90x60x60 Cm കണ്ടെയിനർ ഒന്നിന് 7150 രൂപയും 18% ജി.എസ്.ടി. യുമാണ് ക്വാട്ട് ചെയ്തത്. സിഡ്കോയുടെ ഓഫർ 20.12.2021 ലെ 1/19 നമ്പർ തീരുമാനത്തിലൂടെ പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും 18.1.2022 ന് നിർവ്വഹണ ഉദ്യോഗസ്ഥ വർക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ സാധനങ്ങൾ വിതരണംചെയ്തപ്പോൾ ഈടാക്കിയ വില കണ്ടെയിനർ ഒന്നിന് 8008/- രൂപയും 18% ജി.എസ്.ടി. യുമാണ്. പ്രൈസ് ലിസ്റ്റ് പരിഗണിക്കാതെ സിഡ്കോ സമർപ്പിച്ച കാഷ്ബിൽ പ്രകാരമുള്ള തുക നൽകിയതിനാൽ താഴെ പറയും പ്രകാരം അധികം തുക പ്രസ്തുത സ്ഥാപനത്തിനു നൽകിയിട്ടുണ്ട്.

| സിഡ്കോ ആവശ്യപ്പെട്ട തുക | 27 കണ്ടെയിനറിന്റെ വില | പ്രൈസ് ലിസ്റ്റ് പ്രകാരമുള്ള തുക | പ്രൈസ് ലിസ്റ്റ് പ്രകാരം 27 കണ്ടെയിനറുകൾക്ക് അനുവദിക്കേണ്ടത് | അധികം അനുവദിച്ച തുക |
|---|---|---|---|---|
| 8008+18% = 9449 | 9449x27 =255123/- (നല്കിയത് 250000/-) | 4627+18%= 5460 | 5460x27= 147420/- | 102580/- |

സിഡ്കോക്ക് അധികം നൽകിയ 102580/-രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടക്കേണ്ടതാണ്.

1-19 വിവിധ ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തു-വിനിയോഗ വിവരം ലഭ്യമല്ല.

2021-22 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വ്യത്യസ്ത ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ/ വൗച്ചർ നം. തിയതി | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 157/229(സ്പിൽ ഓവർ)<br>എം.സി.എഫ് കേന്ദ്രം വയറിംഗ് | 75000(20-21 ചെലവ്)+50464(21-22 ചെലവ്) = 125464(സി.എഫ്.സി .ഗ്രാന്റ്) | 256/23-3-21<br>350/25-3-22 | പൊതു മരാമത്ത് വകുപ്പ് വൈദ്യുത ഉപ വിഭാഗം ,കോഴിക്കോടിന് നൽകി. 125464 രൂപയുടെ വിനിയോഗം,പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല. |
| 2 | 192/22 (സ്പിൽ ഓവർ)<br>ജി.എൽ.പി.എസ് ചേരാപുരം വയറിങ്ങ് | 300000(20-21 ചെലവ്)+33100(21-22 ചെലവ്)=333100 (സി.എഫ്.സി .ഗ്രാന്റ്) | 281/26-3-21<br>95/2-11-21 | പൊതു മരാമത്ത് വകുപ്പ് വൈദ്യുത ഉപ വിഭാഗം കോഴിക്കോടിന് നൽകി. 333100 രൂപയുടെ വിനിയോഗം,പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല. |
| 3 | 96/22<br>എം.സി.എഫ് കുഴൽ കിണർ സ്ഥാപിക്കൽ | 40000(സി.എഫ്.സി .ഗ്രാന്റ്)+2655(തനതു ഫണ്ട്) = 42655 | 134/24-12-21<br>135/24-12-21 | ഭൂജല വകുപ്പ് ,ജില്ലാ ഓഫീസ് , കോഴിക്കോടിന് തുക നൽകി. വിനിയോഗം,പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല. |
| 4 | 238/22 പഴശ്ശി നഗർ അങ്കണവാടി വൈദ്യുതീകരണം | 75095 (റോഡിതര സംരക്ഷണ ഗ്രാന്റ്) | 41/17-3-22 | പൊതു മരാമത്ത് വകുപ്പ് വൈദ്യുത ഉപ വിഭാഗം കോഴിക്കോടിന് നൽകി. 75095 രൂപയുടെ വിനിയോഗം,പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല. |
| 5 | 175/22<br>മാങ്ങാട്ട് കുന്ന് അങ്കണവാടി വൈദ്യുതീകരണം | 85335 (റോഡിതര സംരക്ഷണ ഗ്രാന്റ്) | 228/19-2-22 | പൊതു മരാമത്ത് വകുപ്പ് വൈദ്യുത ഉപ വിഭാഗം കോഴിക്കോടിന് നൽകി. 85335 രൂപയുടെ വിനിയോഗം,പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല. |
| 6 | 174/22<br>ചോയി മഠം അങ്കണവാടി വൈദ്യുതീകരണം | 26284 (റോഡിതര സംരക്ഷണ ഗ്രാന്റ്) | 10/16-10-21 | പൊതു മരാമത്ത് വകുപ്പ് വൈദ്യുത ഉപ വിഭാഗം കോഴിക്കോടിന് നൽകി. 26284 രൂപയുടെ വിനിയോഗം,പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല. |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശവും വിനിയോഗ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശവും വിനിയോഗ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/21-22 തി. 9.3.2023) ലഭ്യമാക്കുന്നതുവരെ 2021-22 വർഷത്തെ ചെലവ് തുകയായ 312933 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-20 കുടിവെള്ള വിതരണം ചെലവ് രേഖകൾ ലഭ്യമല്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വേനൽകാലത്ത് കുടിവെള്ള വിതരണം നടത്തുന്നതിനായി 270/21 പ്രോജക്ട് മുഖേന 2020-21 വർഷം 300000 രൂപ തനതു ഫണ്ട് വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ 20-21 വർഷം ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. തുടർന്ന് 2021-22 വർഷം സ്പിൽ ഓവറായി 164/22 പ്രോജക്ട് മുഖേന ബിൽ സാങ്ഷൻ നം.58/8-9-21 ആയി 113400 രൂപ ശ്രീ അബ്ദുൾ സമദ്.കെ.കെ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവിനാധാരമായ ടെണ്ടർ ഫയൽ, ജി.പി.എസ് റിപ്പോർട്ട്, ട്രിപ്പ് ഷീറ്റ് തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (20/21-22 തി. 9.3.2023)മറുപടി നൽകിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

1-21 എം.സി.എഫിന് കുഴൽകിണർ നിർമ്മിക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എം.സി.എഫിന് കുഴൽകിണർ നിർമ്മിക്കാൻ താഴെ കൊടുത്തിരിക്കും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നം/പേര് | ചെലവ് തുക,ഫണ്ടിനം | ബിൽ സാങ്ഷൻ നം |
|---|---|---|
| 96/22 എം.സി.എഫ് കുഴൽകിണർ സ്ഥാപിക്കൽ | 40000(സി. എഫ്.സി ഗ്രാന്റ്)<br>2655 (തനത് ഫണ്ട്) | 134/24-02-21<br>135/24-12-21 |
| | 42655 | |

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ 4-12-2021 ലെ ജി.ഡബ്ള്യ/കെ.കെ.ഡി/ടി(എസ്)-2059/2021 നം കത്ത് പ്രകാരം ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം കിണർ കുഴിക്കുന്നതിന് 42655 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 7-3-2023ന് ഓഡിറ്റിന്റെ ഭാഗമായി എം.സി.എഫ് സന്ദർശിച്ചപ്പോൾ എം.സി.എഫിന് താഴെയായി സ്ഥിതി ചെയ്യുന്ന അങ്കണവാടിക്ക് സമീപത്തായി കുഴൽ കിണർ കുഴിച്ചതായി കണ്ടു. എന്നാൽ എം.സി.എഫിന് വൈദ്യുതി ലഭിക്കാത്തതിനാൽ കുഴൽ കിണറിന് മോട്ടോർ സ്ഥാപിച്ച് എം.സി.എഫിലേക്ക് വെള്ളം ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഹരിതകർമ്മസേനയുടെ വാഹനത്തിൽ പുറമെ നിന്ന് വെള്ളം കൊണ്ട് വന്ന് എം.സി.എഫിലുള്ള ടാങ്കിലേക്കടിച്ച് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. കുഴൽ കിണർ കുഴിച്ചിട്ടും വൈദ്യുതി ലഭ്യമാക്കി മോട്ടോർ സ്ഥാപിച്ച് എം.സി.എഫിലേക്ക് വെള്ളമെത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. എം.സി.എഫിലേക്ക് വെള്ളമെത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 മോട്ടോർ വാങ്ങൽ - ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ റെയിഡ്കോയ്ക്ക് അധികനിരക്ക് നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കുന്നതിന് താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം തുക വകയിരുത്തി പദ്ധതികൾ രൂപീകരിക്കുകയുണ്ടായി. പ്രൊജക്ടുകൾ പ്രകാരം മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്ത് മോട്ടോർ ഇൻസ്റ്റാൾ ചെയ്യുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ റെയിഡ്കോ,പേരാമ്പ്രയെ നേരിട്ട് ഏല്പിക്കുകയാണ് ചെയ്തത്. പദ്ധതികൾക്ക് മോട്ടോർ വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിന് അവർ സമർപ്പിച്ച കാഷ് ഇൻവോയ്സ് പ്രകാരം തുക നൽകി പദ്ധതി പൂർത്തീകരിക്കുകയാണ് ചെയ്തത്. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെലവഴിച്ച തുക/ബിൽ സാങ്ഷൻ നം | ചെലവിന്റെ വിശദാംശം |
|---|---|---|---|
| 1 | 161/22 ചെങ്ങനങ്കോട്ട് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ (സ്പിൽ ഓവർ) | 150000(2020-21 ചെലവ്)<br>320 /30-3-21<br>28406(2021-22 ചെലവ്)<br>98/8-11-21<br>ആകെ-178406 | 6DSM 7.6 HP STAGE DECAN OPEN WELL SUB പമ്പ് സെറ്റ് SPL -50963<br>6 HP DOL CONTROL PANNEL BOARD – 29155<br>ASTIM PIPE AND FITTINGS-12661<br>EARTHING MATERIALS - 13804<br>L AND T CHANGE OVER SWITCH 63 AMPS WITH BOX - 10115<br>പമ്പ് സെറ്റ് കിണറിൽ സ്ഥാപിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | ചെലവ്- 42602<br>മറ്റ് അനുബന്ധ സാധനങ്ങൾക്കുള്ള ചെലവുകൾ - 19106<br>ആകെ- 178406 |
| 2 | 133/22<br>സാന്ത്വനം പഠന കേന്ദ്രം കുഴൽ കിണർ നിർമ്മാണം(സ്പിൽ ഓവർ) | 91631<br>21/22-11-21 | CRI 1.5 HP CMPRESSOR PUMP -21672<br>32 MM HDPE PIPE 8KG 175 Mtrs- 10994.50<br>HDPE FITTINGS 1 SET- 4189<br>INSTALLATION CHARGE -32450<br>500 LTR WATER TANK AQUA TECH -1 -5280<br>മറ്റ് അനുബന്ധ സാധനങ്ങൾക്കുള്ള ചെലവുകൾ - 17045.50<br>ആകെ- 91631 |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) ആധികാരികതയില്ലാത്തതും വിശദവിവരങ്ങൾ ഉൾക്കൊള്ളാത്തതുമായ നിരക്കുകളാണ് റെയിഡ്കോ ബില്ലിൽ കാണിച്ചിരിക്കുന്നത്. ഇത്തരം പാഴ്ചെലവുകൾക്ക് ഇടയാക്കിയത് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സ്ഥാപനത്തെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചതു കൊണ്ടാണ്. മേൽ പ്രൊജക്ടുകൾ പ്രകാരം സാധനങ്ങൾ വാങ്ങുമ്പോൾ സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ധനവിനിയോഗ മാർഗരേഖ ഖണ്ഡിക 2.7 പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

2) മേൽ പ്രവൃത്തികൾക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഓരോയിനത്തിനും റെയ്ഡ്കോയ്ക്ക് ആവശ്യപ്പെട്ട തുക നൽകുക മാത്രമാണ് ചെയ്തത്.

3) മോട്ടോർ പൊതുവിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

ഗുണഭോക്താക്കളും പരിപാലന കമ്മിറ്റിയെ ഏൽപ്പിച്ചതുമായ ക്രമ നം.1 കുടിവെള്ള പദ്ധതിയുടെ മോട്ടോർ ഗുണഭോക്താക്കളുടെ സഹായത്തോടെ സ്ഥാപിക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ ഇവിടെ ഗുണഭോക്താക്കളുടെ പങ്കാളിത്തം മോട്ടോർ സ്ഥാപിക്കുന്നതിലുണ്ടായിട്ടില്ല എന്നത് പ്രോത്സാഹിപ്പിക്കാവുന്നതല്ല.

അപാകതകൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (9 /2021-22 തീയതി 8 .03.2023) മറുപടി നൽകിയിട്ടില്ല.

റെയ്ഡ്കോയ്ക്ക് അധിക തുക നൽകാൻ ഇടയായിട്ടുണ്ടെങ്കിൽ മേൽ സ്ഥാപനത്തിൽനിന്നും തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23 വെറ്ററിനറി ഡിസ്പെൻസറി ജീവനക്കാരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവത്താൽ വീർപ്പുമുട്ടുന്നു.

വാർഡ് 15 ലെ ആനന്തോത്ത് എന്ന സ്ഥലത്ത് പഞ്ചായത്ത് പകൽവീടിന്റെ താഴെയായി തറനിലയിലാണ് വെറ്ററിനറി ഹോസ്പിറ്റൽ സ്ഥിതി ചെയ്യുന്നത് . 7-3-2023 ന് ഓഡിറ്റിന്റെ ഭാഗമായുള്ള സ്ഥല പരിശോധനയിൽ വെറ്ററിനറി ഹോസ്പിറ്റൽ സന്ദർശിച്ചതിൽ നിലവിൽ ഒരു സ്റ്റോർ റൂം, എൽ.ഐ.റൂം, കൺസൾട്ടേഷൻ റൂം എന്നിങ്ങനെ 3 ഇടുങ്ങിയ റൂമുകളാണുള്ളത്. മരുന്ന് സൂക്ഷിക്കാൻ സ്ഥല സൗകര്യം മതിയാകാത്തതിനാൽ 21-22 വർഷത്തെ പ്രോജക്ട് പ്രകാരം വാങ്ങിയ 3 ലക്ഷം രൂപയുടെ മരുന്നുകൾ മുകൾ നിലയിൽ പ്രവർത്തിച്ചുവരുന്ന പകൽ വീടിന്റെ ഒരു മുറിയിലാണ് സൂക്ഷിച്ചിരിക്കുന്നത് . പുറമെ ചിലത് ചാക്കിലാക്കി ഡോക്ടറും എൽ.ഐയും ഇരിക്കുന്ന കസേരയ്ക്കടിയിലായാണ് സൂക്ഷിച്ച് വച്ചിരിക്കുന്നത്. . ആശുപത്രിയിൽ പഞ്ചായത്ത് ഓഫീസിൽ ഉപയോഗിച്ച ശേഷം ഉപേക്ഷിച്ച കാലപ്പഴക്കം ചെന്ന കസേര,മേശ,അലമാര എന്നിവയാണുള്ളത്. റോഡു സൗകര്യം ഉണ്ടെങ്കിലും മൃഗങ്ങളെ എത്തിക്കുന്നതിനും ചികിത്സിക്കുന്നതിനും തിരികെ കൊണ്ടു പോകുന്നതിനും അനുയോജ്യമായ സ്ഥല സൗകര്യമില്ല. നിലവിൽ പഞ്ചായത്തിന്റെ കന്നുകാലി പോപ്പുലേഷൻ 2300 ഉം 1300 ഓളം ക്ഷീരകർഷകരും ഉണ്ട്. ഹോസ്പിറ്റലിൽ ഒരു ഡോക്ടർ,ഒരു എൽ.ഐ,ഒരു പിടി.എസ് എന്നിങ്ങനെ ആകെ 3 സ്റ്റാഫ് ആണുള്ളത്.വാർഡ്-11ലെ കുളിക്കുന്നിലുള്ള ഹോസ്പിറ്റലിന്റെ സബ് സെന്ററിൽ ഒരു വർഷമായി എൽ.ഐ ഇല്ല. മൃഗസംരക്ഷണ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 2016-17 മുതൽ ഏറ്റവും അവസാനമായി 9-6-22ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ വരെ വെറ്ററിനറി ഹോസ്പിറ്റലിന്റെ അവസ്ഥ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. 2021-22 വർഷത്തെ വികസന സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ വെറ്ററിനറി ഹോസ്പിറ്റലിന്റെ അവസ്ഥ ചർച്ച ചെയ്യുകയോ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു വന്ന പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽ മൃഗ സംരക്ഷണ മേഖലയിൽ പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന് ഇടപെടലുകൾ നടത്തിയതായോ കാണുന്നില്ല. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള 29-1-2018ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിച്ച് ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, ആധുനിക സംവിധാനങ്ങളും സജ്ജീകരണങ്ങളും ഏർപ്പെടുത്തുക, സേവനം മെച്ചപ്പെടുത്തുന്നതിനുള്ള സാധന സാമഗ്രികളും ഉപകരണങ്ങളും വാങ്ങുക തുടങ്ങിയവ എറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

ഹോസ്പിറ്റലിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് ശാശ്വത പരിഹാരമെന്ന നിലയിൽ പകരം സംവിധാനം കണ്ടെത്തുന്നതിനോ പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാകുന്ന രീതിയിൽ ഹോസ്പിറ്റലിന് സൗകര്യമുള്ള കെട്ടിടം സജ്ജമാക്കാനോ അതിനനുസരിച്ച് ജീവനക്കാരെ ലഭ്യമാക്കുന്നതിനോ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഹോസ്പിറ്റലിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തി അറിയിക്കുന്നതുവരെ പരാമർശം തുടരുന്നു.

### 1-24 വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ പദ്ധതികൾ നടപ്പാക്കി

സ.ഉ.(കൈ)നം.11/2018/തസ്വഭവ. തിയ്യതി 29.01.2018 നമ്പർ പതിമൂന്നാം പഞ്ചവത്സര പദ്ധതി മർഗ്ഗരേഖയിലെ ഖണ്ഡിക 6.3 ൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പദ്ധതികളെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി താഴെ പറയുന്ന പദ്ധതികൾ വികസന ഫണ്ട് (ജനറൽ) വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ നടപ്പാക്കുകയുണ്ടായി. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 3/22 (കാലിത്തീറ്റ സബ്സിഡി വനിത) | ഡയറി ഫാം ഇൻസ്ട്രക്ടർ | 500000/- | 99865/- |
| 2 | 52/22 (ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി) | ഡയറി ഫാം ഇൻസ്ട്രക്ടർ | 300000/- | 200000/- |
| 3 | 28/22 (മുട്ടക്കോഴി വളർത്തൽ) | വെറ്ററിനറി സർജൻ | 341400/- | 341400/- |
| 4 | 33/22 (വനിതകൾക്ക് ആട്ട വളർത്തൽ) | വെറ്ററിനറി സർജൻ | 810000/- | 810000/- |
| 5 | 46/22 (ഇടവിള കിറ്റ് വിതരണം) | കൃഷി ഓഫീസർ | 444500/- | 377250/- |
| 6 | 58/22 (നേന്ത്രവാഴ കൃഷി) | കൃഷി ഓഫീസർ | 224600/- | 224600/- |

മേൽ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3(10) (iii) അനുസരിച്ച് വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. അതായത് ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ നടപ്പാക്കൽ, സ്ത്രീകളുടെ തൊഴിൽ - വരുമാന വർദ്ധനവിനായി സ്വയംതൊഴിൽ സംരംഭങ്ങൾ, സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ ആരംഭിക്കൽ, ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്കൂളുകളിലെ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെന്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ വനിതകൾക്ക് പ്രതിരോധ പരിശീലനം നൽകുന്നതിനും യോഗ പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ മുതലായവയാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നത്.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വനിതാ ഘടകപദ്ധതിയിൽ തുക വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 പ്രവർത്തനരഹിതമായ സ്ട്രീറ്റ് ടാപ്പുകൾക്ക് വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നു

ഫയൽ നമ്പർ : എ4/1007/22/JC3

സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്തപരിശോധന 2016 ൽ നടത്തിയതായി മേൽ ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 2017 ലെ എ3-പബ്ലിക് ടാപ്പ് വാട്ടർ ചാർജ്/2013 നമ്പർ സംയുക്തപരിശോധന റിപ്പോർട്ട് പ്രകാരം 87 പൊതു ടാപ്പുകളാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിലാണ് കേരള വാട്ടർ അതോറിറ്റി നിലവിലും വെള്ളക്കരം ഗ്രാമപഞ്ചായത്തിൽ നിന്നും ഈടാക്കുന്നത്. പിന്നീട് 2016 മാർച്ച് മുതൽ 87 ടാപ്പുകൾക്ക് പ്രതിമാസം 38063/- രൂപയായും 2021 മാർച്ച് മുതൽ 39969/- രൂപയായും 2022 മാർച്ചിൽ 41963/- രൂപയായും വെള്ളക്കരം വർധിപ്പിച്ച വാട്ടർ അതോറിറ്റി 2023 ഫെബ്രുവരി മുതൽ 87 ടാപ്പുകൾക്ക് 105553/- രൂപയായാണ് പ്രതിമാസം വെള്ളക്കരം നിശ്ചയിച്ചത്. ഗ്രാമ പഞ്ചായത്ത് വാർഡുകളിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നടത്തിയ പ്രാഥമിക പരിശോധനയിൽ 12 ടാപ്പുകൾ മാത്രമാണ് പ്രവർത്തിക്കുന്നതെന്ന് മേൽ ഫയലിൽ സെക്ഷൻ ക്ലർക്ക് കുറിപ്പ് എഴുതിയിട്ടുണ്ട്. കൂടാതെ ജലജീവൻ പദ്ധതിയുടെ ഭാഗമായി 253 വീടുകളിൽ പൈപ്പ് കണക്ഷൻ .പൂർത്തിയായതായും 1000 കണക്ഷനുകൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഫയലിൽ കുറിപ്പുണ്ട്.

പ്രവർത്തന രഹിതമായ പൊതുടാപ്പുകൾ ഗ്രാമപഞ്ചായത്ത് കണ്ടെത്തിയതിനെ തുടർന്നും ജലജീവൻ പദ്ധതിയിലൂടെ ഗാർഹിക വാട്ടർ കണക്ഷനുകൾ ലഭിച്ചതിനാലും വീണ്ടും പൊതു ടാപ്പുകളുടെ സംയുക്തപരിശോധന നടത്താൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റിയുടെ വടകര പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 25.5.2022 ന് കത്ത് നൽകി. എങ്കിലും ഇതുവരെ വാട്ടർ അതോറിറ്റി പരിശോധനക്ക് തയ്യാറാകാതെ ഇപ്പോഴും 87 ടാപ്പുകൾക്കു തന്നെ വെള്ളക്കരം ഡിമാന്റ് ചെയ്തു കൊണ്ടിരിക്കുകയാണ്. സംയുക്തപരിശോധന നടത്താത്തതിനാൽ ഗ്രാമപഞ്ചായത്ത് താഴെ പറയും പ്രകാരം അധികം തുക വാട്ടർ അതോറിറ്റിയിൽ അടവാക്കേണ്ടതായി വരുന്നു.

| | |
|---|---|
| 87 ടാപ്പുകൾക്ക് വാട്ടർ അതോറിറ്റി പ്രതിമാസം ഡിമാന്റ് ചെയ്ത തുക | 105553/-രൂപ (1213.25*87) |
| സംയുക്തപരിശോധന നടത്തിയിരുന്നെങ്കിൽ 12 ടാപ്പുകൾക്ക് ഗ്രാമപഞ്ചായത്ത് അടക്കാൻ ബാധ്യസ്ഥമായ തുക | 14559/-രൂപ (1213.25*12) |
| പ്രതിമാസം അടവാക്കേണ്ടി വരുന്ന അധികം ചാർജ് | 90994/-രൂപ |

സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതും അധികം തുക നൽകിയത് തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 ഹരിതകർമ്മസേന പ്രവർത്തനം

17 വാർഡുകളുള്ള പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി 32കർമ്മസേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. 17 വാർഡുകളിലും ഓരോ എം.സി.എഫ്. കൾ വീതം പ്രവർത്തിക്കുന്നു. ഉപയോഗ ശൂന്യമായവയും പുനചംക്രമണത്തിന് പറ്റുന്നവയും വേർതിരിക്കുന്നതിന് ഒടോളിത്താഴം എന്ന സ്ഥലത്ത് ഒരു എം.സി.എഫ്. സ്ഥാപിച്ചിട്ടുണ്ട്. എല്ലാ സൗകര്യങ്ങളും കെട്ടിടത്തിന് ഉണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ഇതുവരെ ലഭിച്ചിട്ടില്ല. കെട്ടിടത്തിൽ ഇലക്ട്രിക്കൽ വയറിംഗ് ജോലികൾ പൂർത്തിയായെങ്കിലും വൈദ്യുതി ലഭിച്ചിട്ടില്ല. വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വേളം ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ കരട് ബൈലോ 14.10.2022 ലെ 2ാം നമ്പർ തീരുമാനം പ്രകാരം ഭരണ സമിതി അംഗീകാരിച്ചിട്ടുണ്ട്. ആയതിന് അന്തിമ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾക്കായി 3.2.2023 ന് കരട് ബൈലോ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സെക്രട്ടറി അയച്ചു. 2021-22 വർഷം 156280/-രൂപയുടെ വി.ജി.എഫ്. ഹരിതകർമ്മസേനക്ക്

അനുവദിച്ചിട്ടുണ്ട്. 24.4.2022 വരെ വാടകക്കെടുത്ത വാഹനത്തിലാണ് മാലിന്യങ്ങൾ സേനാംഗങ്ങൾ കയറ്റിയിരുന്നത്. വാഹനത്തിന്റെ വാടകയിനത്തിൽ 103/22 നമ്പർ പ്രോജക്ട് പ്രകാരം 95738/- രൂപയാണ് പഞ്ചായത്ത് പദ്ധതി വെച്ച് ചെലവഴിച്ചത്. 162/22 നമ്പർ പ്രോജക്ട് പ്രകാരം 636952/- രൂപ ചെലവഴിച്ച് 24.11.21 ൻ ഹരിതകർമ്മസേനക്ക് സ്വന്തമായി ഒരു വാഹനം പഞ്ചായത്ത് വാങ്ങി കൊടുത്തിട്ടുണ്ട്. 25.4.2022 മുതൽ മാലിന്യങ്ങൾ എം.സി.എഫ്. ൽ എത്തിക്കുന്നതിന് വാഹനം ഉയോഗിച്ചു വരുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ് വാഹനത്തിന്റെ കസ്റ്റോഡിയൻ. 28.12.2021 ന് 12928/- രൂപ അടച്ച് ഇൻഷൂർ ചെയ്തിട്ടുണ്ട്. എന്നാൽ 28.12.2022 മുതൽ ഇൻഷൂർ പുതുക്കയിട്ടില്ല. ഇൻഷൂർ ചെയ്യാത്ത വാഹനം പൊതുനിരത്തിൽ ഉപയോഗിക്കാൻ പാടില്ല എന്നിരിക്കേ ഗുരുതരമായ ഗതാഗത നിയമ ലംഘനമാണ് നടത്തുന്നത്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഇൻഷൂർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ വാഹനത്തിന് ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഡ്രൈവറെ പഞ്ചായത്ത് നിയമിച്ചതാണ്. ഹരിതകർമ്മസേനാംഗങ്ങളിൽ നിന്നും ഒരാളെ വാഹനം ഓടിക്കുന്നതിന് പ്രാപ്തമാക്കുകയാണെങ്കിൽ ഈയിനത്തിൽ ചെലവാകുന്ന തുക അവർക്കു തന്നെ ലഭ്യമാകുന്ന സ്ഥിതിയിലേക്ക് എത്തും. ഡ്രൈവിംഗ് ലൈസൻസുള്ള ആളുകളില്ലെങ്കിൽ താൽപര്യമുള്ളവരോട് ലൈസൻസ് ലഭ്യമാക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്.

2021-22 വർഷം സ്മാർട്ട് ഗാർബേജിനായി 8374 കെട്ടിടങ്ങളിൽ QR കോഡുകൾ പതിച്ചിട്ടുണ്ട്. കേരള ഗ്രാമീൺ ബാങ്കിന്റെ വേളം ശാഖയിലുള്ള ഹരിത കർമ്മസേനയുടെ 401851063857 നമ്പർ അക്കൗണ്ടിൽ 28.2.2023 ന് 245977/- രൂപയാണ് നീക്കിയിരിപ്പുള്ളത്. തൻ വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മാലിന്യങ്ങൾ നീക്കം ചെയ്യൽ എന്ന പദ്ധതി പ്രകാരം ക്ലീൻ കേരള കമ്പനിക്ക് 9700 കി.ഗ്രാം മാലിന്യങ്ങൾ നീക്കം ചെയ്തതിന് കിലോഗ്രാമിന് 10 രൂപ തോതിൽ 18% ജി.എസ്.ടി. ഉൾപ്പെടെ 114460/- രൂപ നൽകിയിട്ടുണ്ട്. ഇപ്പോൾ കോനാരീസ് എന്ന സ്ഥാപനമാണ് 7.95/കി.ഗ്രാം എന്ന നിരക്കിൽ റിജക്ട്സ് നീക്കം ചെയ്യുന്നത്.

നിലവിൽ വീട്ടുകളിൽ നിന്ന് 50/- രൂപയും മറ്റു സ്ഥാപനങ്ങളിൽ നിന്ന് 100/- രൂപയുമാണ് യൂസർ ഫീ ഈടാക്കുന്നത്. മറ്റു വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് ഹരിതകർമ്മ സേനാംഗങ്ങളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാവേണ്ടതാണ്. ഇതിനായി പ്രദേശത്തെ ആഘോഷങ്ങൾ, ഉത്സവങ്ങൾ, മറ്റു പരിപാടികൾ തുടങ്ങിയവ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്ത് നടത്തുന്നതിലൂടെയും ഹരിത ഉപകരണങ്ങളായ ബയോ കമ്പോസ്റ്റ്, കിച്ചൺ ബിൻ തുടങ്ങിയവയുടെ വിൽപന, സർവീസ് എന്നിവ നടത്തിയും വരുമാനം ആർജ്ജിക്കുന്നതിനുള്ള പരിശീലനങ്ങളും മറ്റും നൽകുന്നതിനുള്ള നടപടികൾ ശുചിത്വ മിഷൻ മുഖേന സ്വീകരിക്കേണ്ടതാണ്.

1-27 അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി ഈടാക്കിയില്ല.

പൊതുമരാമത്ത് പദ്ധതികളിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറുകാരെ കണ്ടെത്തുമ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റിന്റെ 10ശതമാനത്തിൽ കുറവാണെങ്കിൽ അത്തരം കരാറുകാരിൽ നിന്നും അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി ഈടാക്കിവേണം പ്രവൃത്തികൾ നിർവ്വഹിക്കാൻ .എന്നാൽ ഓഡിറ്റ് വർഷം ടെണ്ടർ നിരക്കിനേക്കാൾ 10% കുറഞ്ഞനിരക്കിൽ കരാറുകാർ ഏറ്റെടുത്ത് നടത്തിയിട്ടുള്ള താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി ഈടാക്കാതെയാണ് പ്രവൃത്തികൾ നിർവ്വഹണം നടത്തിയിട്ടുള്ളത്.

| പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ കുറവ് |
|---|---|---|
| പ്രോജക്ട് നം-24,കുറ്റിയേരിമുക്ക് മലയിൽ പീടിക റോഡ് | 627479 | 11.2% |
| പ്രോജക്ട് നം-51,കൊടലിൽ ഏരത്ത് റോഡ് | 613205 | 12.5% |

| | | |
|---|---|---|
| പ്രോജക്ട് നം-184,തയ്യുള്ളതിൽ മുക്ക് തറവട്ടത്ത് റോഡ് | 437002 | 13.6% |
| പ്രോജക്ട് നം-122,കുഞ്ഞിക്കണ്ടിമുക്ക് ഒളോടിത്താഴ റോഡ് | 600000 | 12.8% |
| പ്രോജക്ട് നം-47,കോവൂപ്പുറം റോഡ് | 613205 | 12.5% |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റിന്റെ 10 ശതമാനത്തിൽ കുറവാണെങ്കിൽ അത്തരം കരാറുകാരിൽ നിന്നും അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി ഈടാക്കി അറിയിച്ചും പരാമർശം ഒഴിവാക്കേണ്ടതാണ്.

1-28 കുടിവെള്ള പദ്ധതികൾ -സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

ഓഡിറ്റ് വർഷം ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി വിവിധ കുടിവെള്ള പദ്ധതികൾക്കായി താഴെപറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതികളൊന്നും തന്നെ സമയബന്ധിതമായി നിർവ്വഹണം ചെയ്ത് ഓഡിറ്റ് വർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | കുടിവെള്ള പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 98 | തയ്യുള്ളതിൽ കുടിവെള്ള പദ്ധതി | 300000 |
| 99 | നാരോക്കുഴി കുടിവെള്ള പദ്ധതി | 600000 |
| 102 | എളംകുളം കോട്ടകുടിവെള്ള പദ്ധതി | 470000 |
| 105 | ചെറുകുന്ന് കുടിവെള്ള പദ്ധതി | 177000 |
| 194 | ഇല്ല്യാട്ടുമ്മൽ കുടിവെള്ള പദ്ധതി | 300000 |
| 195 | പാനോളിക്കണ്ടി കുടിവെള്ളപദ്ധതി | 512470 |
| 219 | മാമ്പ്രമല കുടിവെള്ള പദ്ധതി | 60000 |
| 210 | പുതുശ്ശേരി കേളനി കുടിവെള്ളപദ്ധതി | 1100000 |
| | ആകെ | 3519470 |

ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി രൂപീകരിച്ച മേൽ എട്ട് കുടിവെള്ള പദ്ധതികൾക്കു പുറമെ അനന്ത കുന്നമ്മൽ കുടിവെള്ള പദ്ധതിക്കായി 450000രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയതിൽ 125240രൂപ മാത്രമാണ് ഓഡിറ്റ് വർഷം പഞ്ചായത്തിന് ചെലവഴിക്കാനായി കഴിഞ്ഞത്.

മുൻ വർഷം 263/21 പദ്ധതിയിൽ പൈപ്പ് ലൈൻ നീട്ടലിനായി 2262259 രൂപ കേരളാ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തത് ജലജീവൻ മിഷൻ പദ്ധതിയിൽ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകാൻ കഴിഞ്ഞതിനാൽ നാളിതുവരെ വിനിയോഗിക്കാൻ കഴിയാഞ്ഞതായാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. ഇതിൽ നിന്നും ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് പ്രദേശത്ത് പൈപ്പിടൽ പ്രവൃത്തികൾ നടന്നുവരുന്നതിനാലാണോ മേൽ കുടിവെള്ള പദ്ധതികൾ നിർവ്വഹണം ചെയ്ത് തുക ചെലവഴിക്കാൻ കഴിയാതിരുന്നത് എന്ന് വ്യക്തമല്ല. ജലജീവൻ പദ്ധതി നടപ്പാകുന്ന സാഹചര്യത്തിൽ മേൽ കുടിവെള്ള പദ്ധതികളുടെ ആവശ്യകത പരിശോധിക്കേണ്ടതാണ്. മേൽ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 എംബുക്കുകളുടെ സ്റ്റോക്ക് വിവരങ്ങൾ സൂക്ഷിക്കുന്നില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ എംബുക്ക് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എം.ജി എൻ ആർഇ ജി എസ് എന്നിവർക്ക് അവർ ആവശ്യപ്പെടുന്നത് പ്രകാരം എണ്ണം എം ബുക്കുകൾ നമ്പർ നൽകി അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 25 പേജ്,50 പേജ് പുസ്തകങ്ങളാണ് ഇങ്ങനെ അനുവദിച്ചിട്ടുള്ളതെങ്കിലും എന്നാണ് അളവ് പുസ്തകങ്ങൾ പഞ്ചായത്ത് വാങ്ങി സ്റ്റോക്കിലെടുത്ത തെന്നോ നിലവിൽ എത്ര പുസ്തകങ്ങൾ സ്റ്റോക്കിൽ അവശേഷിക്കുന്നുണ്ട് എന്നീവിവരങ്ങളോ  സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല.സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 11-05-2020 ൽ തിരുവള്ളൂർ ഗ്രമപഞ്ചായത്തിന് 25 പേജിന്റെ 30 എം.ബുക്കുകളും, 12-03-20 ന് ആയഞ്ചേരി ഗ്രാമപഞ്ചായത്തിന് 25 പേജുള്ള 20 എം ബുക്കുകളും നൽകിയതായി രേഖപ്പെടുത്തി യിട്ടുണ്ടെങ്കിലും പ്രസ്തുത പുസ്തകങ്ങൾ തിരികെ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. എം.ജി.എൻ.ആർ.ഇ.ജിഎസിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്കായി തൻവർഷം 918.83 ലക്ഷം രൂപ പഞ്ചായത്ത് ചെലവുണ്ട്. എന്നാൽ ഓഫീസ് സ്റ്റോക്കിൽ നിന്നും തൊഴിലുറപ്പ് പദ്ധതി എഞ്ചിനീയർ കൈപ്പറ്റുന്ന അളവ് പുസ്തങ്ങൾക്ക് എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ അളവുപുസ്തങ്ങൾ ഏത് പ്രവൃത്തിക്ക് എന്നാണ് അനുവദിച്ചിരിക്കുന്നത് എന്ന് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. അളവു പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ  പുസ്തകങ്ങളുടെ വരവ്, ഉപയോഗം, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങളില്ല. സെക്രട്ടറിയിൽ നിന്നും എൻഞ്ചിനീയറിംഗ് വിഭാഗം, എൻ ആർ ഇ ജി എസ് പദ്ധതി ആവശ്യങ്ങൾ എന്നിവയ്ക്കായി  കൈപ്പറ്റുന്ന അളവു പുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഏത് പ്രവൃത്തിക്കായി എന്നാണ് അളവ് പുസ്തകങ്ങൾ അനുവദിച്ചിരിക്കുന്നത് എന്ന് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-30 മെയിന്റനെൻസ് ഗ്രാന്റ് റോഡ് ഫണ്ട് ഉപയോഗിച്ച് പുതിയ റോഡുകളുടെ നിർമ്മാണം നടത്തുന്നു.

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ റോഡ് നിർമ്മാണ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന പുതിയ റോഡുകളുടെ നിർമ്മാണത്തിനായി മെയിന്റനൻസ് ഗ്രാന്റ് റോഡ് വിനിയോഗിച്ചതായി കാണുന്നു

| പ്രോജക്ട് നം,പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 47<br>കോവുപ്പുറം റോഡ് | 613205 | 599413 (ബിൽ സാങ്ഷൻ നം-296/17-03-22) |
| 43 | 523973 | 518973(ബിൽ സാങ്ഷൻ നം-153/01-01-22) |

| | | |
|---|---|---|
| മഞ്ഞക്കുനി തോട്ടു കോവുമ്മൽ റോഡ് | | |
| 184<br>തയ്യുള്ളതിൽ മുക്ക് തറവട്ടത്ത് റോഡ് | 437002 | 432002(ബിൽ സാങ്ഷൻ നം-151/01-01-22) |
| 122<br>കുഞ്ഞിക്കണ്ടിമുക്ക് ഒളോടിത്താഴറോഡ് | 600000 | 523314(ബിൽ സാങ്ഷൻ നം-152/1-01-22) |

മെയിന്റനെൻസ് ഗ്രാന്റ് റോഡ് ഫണ്ട് വിനിയോഗ മാനദണ്ഡങ്ങൾ പ്രകാരം പ്രസ്തുത ഗ്രാന്റ് നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപണികൾ,വെള്ളക്കെട്ട് ഒഴിവാക്കൽ, സൈഡ് പ്രൊട്ടക്ഷൻ എന്നീ പ്രവൃത്തികൾക്കായാണ് വിനിയോഗിക്കാവുന്നത്. അല്ലാത്ത പക്ഷം നിലവിൽ പഞ്ചായത്തിൽ മെയിന്റനൻസ് ആവശ്യമുള്ള റോഡുകൾ ഒന്നും തന്നെ അവശേഷിക്കുന്നില്ല എന്ന ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലേ പുതിയ റോഡുകളുടെ നിർമ്മാണത്തിനായി മെയിന്റനെൻസ് ഗ്രാന്റ് റോഡ് വിനിയോഗിക്കാവൂ. എന്നാൽ അത്തരത്തിൽ ഭരണ സമിതി തീരുമാനമില്ലാതെയാണ് ഓഡിറ്റ് വർഷം മെയിന്റെനൻസ് ഗ്രാന്റ് റോഡ് വിനിയോഗിച്ച് പുതിയ റോഡുകളുടെ നിർമ്മാണം നടത്തിയിരിക്കുന്നത്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അംഗൻവാടികൾക്ക് ഫർണിച്ചർ - പ്രൈസ് ലിസ്റ്റ് പരിഗണിക്കാതെ കൂടുതൽ വില നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 214/22 (അംഗൻവാടികൾക്ക് ഫർണിച്ചർ) |
| പദ്ധതി അടങ്കൽ | 250000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| ചെലവ് | 250000/- രൂപ |
| ബിൽ സാങ്ഷൻ നമ്പർ/ പേര് | 238/28.2.2022 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ 27 അംഗൻവാടികളിലേക്ക് ഭക്ഷ്യധാന്യങ്ങൾ സൂക്ഷിച്ചു വെക്കുന്നതിന് സ്റ്റാന്റോടു കൂടിയ (90x60x60cm) കണ്ടെയിനർ വാങ്ങി നൽകുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയത്. 3.3.2021 ലെ ജി.ഒ.(ആർ.ടി.)നം. 10/2021/SPD ഉത്തരവു പ്രകാരം മേൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കണ്ടെയിനറിന്റെ സർക്കാർ അംഗീകൃത വില 4627/- രൂപയാണ്. 24.11.2021 ന് സിഡ്കോ സമർപ്പിച്ച പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 90x60x60 Cm കണ്ടെയിനർ ഒന്നിന് 7150 രൂപയും 18% ജി.എസ്.ടി. യുമാണ് ക്വാട്ട് ചെയ്തത്. സിഡ്കോയുടെ ഓഫർ 20.12.2021 ലെ 1/19 നമ്പർ തീരുമാനത്തിലൂടെ

പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും 18.1.2022 ന് നിർവ്വഹണ ഉദ്യോഗസ്ഥ വർക്ക് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ സാധനങ്ങൾ വിതരണംചെയ്തപ്പോൾ ഈടാക്കിയ വില കണ്ടെയിനർ ഒന്നിന് 8008/- രൂപയും 18% ജി.എസ്.ടി. യുമാണ്. പ്രൈസ് ലിസ്റ്റ് പരിഗണിക്കാതെ സിഡ്കോ സമർപ്പിച്ച കാഷ്ബിൽ പ്രകാരമുള്ള തുക നൽകിയതിനാൽ താഴെ പറയും പ്രകാരം അധികം തുക പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

| സിഡ്കോ ആവശ്യപ്പെട്ട തുക | 27 കണ്ടെയിനറിന്റെ വില | പ്രൈസ് ലിസ്റ്റ് പ്രകാരമുള്ള തുക | പ്രൈസ് ലിസ്റ്റ് പ്രകാരം 27 കണ്ടെയിനറുകൾക്ക് അനുവദിക്കേണ്ടത് | അധികം അനുവദിച്ച തുക |
|---|---|---|---|---|
| 8008+18% = 9449 | 9449*27 = 255123/- (നല്കിയത് 250000/-) | 4627+18%= 5460 | 5460*27= 147420/- | 102580/- |

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (2/7.3.2023) മറുപടി നൽകിയിട്ടില്ല. സിഡ്കോക്ക് അധികം നൽകിയ 102580/-രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടക്കേണ്ടതാണ്.

### 3-2 എം.സി.എഫ് കേന്ദ്രത്തിലേക്ക് വാഹനം വാങ്ങൽ - അപാകതകൾ

2021-22 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എം.സി.എഫ് കേന്ദ്രം വാഹനം വാങ്ങൽ(162/22) എന്ന പ്രോജക്ട് പ്രകാരം മഹീന്ദ്ര ആന്റ് മഹീന്ദ്ര ലിമിറ്റഡിന്റെ LMV GOODS CARRIER വാങ്ങിയതിന് താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ചെലവിനം | ബിൽ നം/തുക |
|---|---|---|
| 1 | വാഹനം | 636952/ 18/22-1-21 |
| 2 | ബോഡി വർക്ക് ചെയ്തയിനത്തിൽ ചെലവ് | 98900 37/28-2-22 |
| 3 | രജിസ്ട്രേഷൻ ഫീസ് | 16855 30/17-1-22 |
| 4 | ഇൻഷ്വർ തുക | 12928 29/30-12-21 |
| | ആകെ | 765635 |

പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടു.

1. 28-12-22 മുതൽ വാഹനത്തിന്റെ ഇൻഷ്വർ പുതുക്കിയിട്ടില്ല.

2. ഫയൽ പ്രകാരം രജിസ്ട്രേഷൻ ഫീസിനത്തിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന് ആകെ അടച്ച തുകയ്ക്ക് നൽകിയ രസീതി (KL22010775776331/7-1-22) പ്രകാരം ചെലവ് 15600 രൂപയാണ്. എന്നാൽ ഈയിനത്തിൽ 16855 രൂപ പാസ്സാക്കി ചെലവഴിച്ചിട്ടുണ്ട്.

3. വാഹനം ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ

എൻക്വയറിക്ക് (15/21-22 തി. 8.3.2023) മറുപടി നൽകിയിട്ടില്ല. ഇൻഷ്വറൻസ് പുതുക്കാതെ വാഹനം റോഡിലിറക്കുന്നത് ഗുരുതരമായ തെറ്റായി ഓഡിറ്റ് വിലയിരുത്തുന്നു. ഇൻഷ്വറൻസ് എത്രയും പെട്ടെന്ന് പുതുക്കി അറിയിക്കേണ്ടതാണ്. വാഹനം ഗ്രാമ പഞ്ചായത്തിന്റെ മൂവബിൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസിനത്തിൽ അധികമായി ചെലവഴിച്ച 1255രൂപ (16855-15600) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 03.03.2023 മുതൽ 09.03.2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 228420 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 228420 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 66750 | കാലിത്തീറ്റ സബ്സിഡി | 66750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | ലൈഫ് ഘട്ടം 3 ഭൂരഹിത ഭവന രഹിതർ (എസ്.സി.പി) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 549500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 549500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 210350 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 210350 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 96932 | പാലിയേറ്റീവ് പരിചരണം | 96932 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 114758 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 114758 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 20,000 | സുഫലം-ഫലവൃക്ഷത്തൈ വിതരണം | 20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2360000 | ലൈഫ് ഘട്ടം 3 ഭൂരഹിത ഭവന രഹിതർ (എസ്.സി.പി) | 2360000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 820000 | ലൈഫ് ഘട്ടം 3 ഭൂരഹിത ഭവന രഹിതർ (ജനറൽ വിഭാഗം) | 820000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 566400 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 566400 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 527580 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 527580 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (വനിത) | 100000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ചോയിമഠം അംഗൻവാടി വൈദ്യുതീകരണം | 74/ തീ-13.10.2021 | 26284 | 26284 | 0 |
| പൊതു മരാമത്ത് വകുപ്പ് വൈദ്യുത ഉപ വിഭാഗം | എം.സി.എഫ് കേന്ദ്രം വയറിംഗ് | 350/ തീ-25.03.22 | 50464 | 50464 | 0 |
| പൊതു മരാമത്ത് വകുപ്പ് വൈദ്യുത ഉപ വിഭാഗം | ജി.എൽ.പി.എസ് ചേരാപുരം വയറിങ്ങ് | 95/ തീ-02.11.21 | 33100 | 33100 | 0 |
| ഭൂജല വകുപ്പ് | എം.സി.എഫ് കുഴൽ കിണർ സ്ഥാപിക്കൽ | 134/ തീ-24.12.21 135/ | 42655 | 42655 | 0 |

| | | | | | |
|---|---|---|---|---|---|
| | | തീ-24.12.21 | | | |
| പൊതു മരാമത്ത് വകുപ്പ് വൈദ്യുത ഉപ വിഭാഗം | നഗർ അങ്കണവാടി വൈദ്യുതീകരണം | 41/ തീ-17.03.22 | 75095 | 75095 | 0 |
| പൊതു മരാമത്ത് വകുപ്പ് വൈദ്യുത ഉപ വിഭാഗം | മാങ്ങാട്ട് കുന്ന് അങ്കണവാടി വൈദ്യുതീകരണം | 228/ തീ-19.02.22 | 85335 | 85335 | 0 |
| ഭൂജല വകുപ്പ് | സാന്ത്വനം പഠനകേന്ദ്രം കുഴൽ കിണർ സ്ഥാപിക്കൽ | 92/ തീ-28.10.21 (44480) (കുറിപ്പ് അവശേഷിക്കുന്ന തുക 91631 യുടെ ബിൽ നമ്പർ ലഭ്യമാക്കിയില്ല) | 136111 | 136111 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 2278/2018 ത.സ്വ.ഭ.വ തീയതി-18/08/2018 | -- | 2,75,20,000 | 30,36,000 | -- | 2,44,84,000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2785750 |
| തൻവർഷം നിക്ഷേപിച്ച തുക | 45132 |
| ആകെ | 2830882 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2830882 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കെ.ഡി.സി ബാങ്ക്-കുറ്റ്യാടി | 31/12/2020 | 12 മാസം | 2266726 | |
| 2 | വേളം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 03/11/2020 | 12 മാസം | 564156 | |
| ആകെ | | | | 2830882 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 31 | 2003-04 | 11.13.7.2 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| 1999-2000 | - | 2003-04 | 11.14 | തൊഴിൽനികുതി കാലഹരണം | പരാമർശം തുടരുന്നു |
| 2000-01 | - | 2004-05 | 11.1.3.5 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| 2001-02 | 10 | 2004-05 | 11.1.5.3 | വനിതകൾക്ക് ഓട്ടോ ഡ്രൈവിംഗ് | പരാമർശം തുടരുന്നു |
| - | - | 2015-16 | 4.1.5 | നികുതി/നികുതിയേതരം | പരാമർശം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | പൊരുത്തപ്പെടാത്ത കണക്കുകൾ | |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി അപാകതകൾ | പരാമർശം തുടരുന്നു |
| 2019-20 | 1-35 | 2020-21 | 1-2-10 | പാലിയേറ്റീവ് പരിചരണം- മരുന്നുകൾ ലഭ്യമായില്ല | പരാമർശം തുടരുന്നു |
| 2019-20 | 1-25 | 2020-21 | അനുബന്ധം-2-104 | ലാബ് ഉപകരണങ്ങൾ വാങ്ങൽ-മുഴുവൻ ഉപകരണങ്ങൾ ലഭ്യമാവാത്തതും മറ്റ് അപാകതകളും | പരാമർശം തുടരുന്നു |
| 2019-20 | 1-31 | 2020-21 | അനുബന്ധം-27 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- വർക്കിംഗ് ഗ്രൂപ്പ് ചുമതല നിർവ്വഹിച്ചില്ല | പരാമർശം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,64,86,213 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,71,42,579 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,03,835 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,26,333 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | - | 1,02,580 | ശ്രീമതി. നീതു കുര്യാക്കോസ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-1 | - | 1,255 | ശ്രീ ഷാനവാസ്.ഇ സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 3,12,933 | ശ്രീ. ഷാനവാസ്.ഇ, സെക്രട്ടറി |
| 1-20 | 1,13,400 | ശ്രീ. ഷാനവാസ്.ഇ, സെക്രട്ടറി |
| ആകെ | 4,26,333 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാനവാസ്.ഇ, സെക്രട്ടറി | സെക്രട്ടറി, വേളം ഗ്രാമപഞ്ചായത്ത് | പടിക്കലക്കണ്ടി, നന്മണ്ട, കോഴിക്കോട്-673613 |
| ശ്രീമതി. നീതു കുര്യാക്കോസ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വേളം ഗ്രാമപഞ്ചായത്ത് | മാത്തിൽ പറമ്പിൽ, കൂരാച്ചുണ്ട്, കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 1999-00 | കെ.എസ്.എ/കെ.കെ.ഡി /പി7/1448/2019(1) തീ-10.12.2020 | 2 | 31 (എ), 31 (ബി) |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(2) തീ-30.09.2022 | 1 | 8 (പ്ലാൻ) |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(3) തീ-30.09.2022 | 1 | 2-(1) (വരവ്) |
| 2001-02 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(4) തീ-30.09.2022 | 1 | 10 |
| 2002-03 | കെ.എസ്.എ/കെ.കെ.ഡി /പി6/2240/2017 തീ-02.05.2018 | 1 | 3-3 |
| 2003-04 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021() തീ-30.09.2022 | 2 | 3-14, 3-18 |
| 2007-08 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(8) തീ-20.10.2022 | 1 | 3-2 |
| 2008-09 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(9) തീ-20.10.2022 | 1 | 3-7 |
| 2010-11& 2011-12 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(11) തീ-20.10.2022 | 3 | 3-9,3-15,3-17 |
| 2012-13& 2013-14 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(12) തീ-28.10.2022 | 1 | 3-1 |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി /പി7/1783/2021 തീ-20.04.2022 | 2 | 3-7,3-8 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(13) തീ-22.12.2022 | 5 | 2-1(1),3-2(1),3-3,3-7,3-9 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(14) തീ-22.12.2022 | 5 | 2-2,2-5(2),3-2, 3-3,3-16, |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(15) തീ-23.12.2022 | 4 | 2-5,3-2,3-3, 3-9(3,5,6,7,8) |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(16) തീ-29.12.2022 | 16 | 1-12,1-13,1-14,1-16, 1-17,1-18,1-19,1-20,1-21, 1-22,1-32,1-33,1-35, 3-1,3-2,4-11 |
| 2019-20 | കെ.എസ്.എ/കെ.കെ.ഡി /പി7/1403/2021(1) തീ-30.12.2022 | 24 | 1-9(2),1-9(4),1-11 (1,2,3,4,5,6 7,8,9,10,11, 12,13,15,18,20,21), 1-13,1-14-1(i)1-14-1(ii),, 1-14-1(iv), 1-15,1-16,1-17, 1-18,1-19,1-21,1-22,1-23, 1-26,1-27,1-28,1-30, 1-36(4,8),4-11 |
| 2020-21 | കെ.എസ്.എ/കെകെഡി/ പി7/988/2022 തീ-09.06.2022 | 29 | 1-1 മുതൽ 1-29 വരെ |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്